പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *375 — 27.6.2012 ന് മറുപടിയ്ക്ക്.

ഐ.റ്റി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പാലോട് രവി :<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.റ്റി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കൾക്ക് ഘട്ടംഘട്ടമായി അടുത്ത 5 വർഷത്തിനുള്ളിൽ ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി Quality Council of India യുടെ സഹായത്തോടുകൂടി ഐ.ടി.ഐ. കളുടെ നിലവാരത്തെക്കുറിച്ചുള്ള പഠനം നടന്നു വരുന്നു. വ്യാവസായിക പരിശീലന വകുപ്പിനു കീഴിലെ 34 ഐ.ടി.ഐ. കൾക്ക് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് ഐ.ടി.ഐ. യ്ക്ക് ഇതിനകം ISO 9001-2008 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. |
| ((ബി) എത്ര വർഷത്തിനകം പ്രസ്തുത ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ; | (ബി) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ, ഘട്ടംഘട്ടമായി ലക്ഷ്യം കൈവരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ഓരോ ഐ.റ്റി.ഐ.യ്ക്കും പ്രത്യേക മായി വെബ് സൈറ്റുകൾ രൂപം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ ? | (സി) ഓരോ ഐ.ടി.ഐ. യ്ക്കും പ്രത്യേകമായി വെബ്സൈറ്റുകൾ നിലവിൽ ഇല്ല. ആയതിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന് പ്രത്യേകമായി www.det.kerala.gov.in എന്ന വെബ്സൈറ്റ് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ

8